



# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

മണിപ്പൂരിൽ മെയ് മാസം 3-ന് ആരംഭിച്ച കലാപം ഇനിയും ശമിച്ചിട്ടില്ല. അനേകർ മുറിവേറ്റവരായി. നൂറുകണക്കിനാളുകൾ കൊല്ലപ്പെട്ടു. അനേകായിരങ്ങൾ ഭവനരഹിതരായി. പതിനായിരങ്ങൾ സ്വന്തം മണ്ണിൽ നിലനില്പിനായി നിലവിളിക്കുന്ന കാഴ്ച ഹൃദയഭേദകമാണ്. അവരുടെ മനസ്സിനേറ്റ മുറിവുകൾ ഉണങ്ങാൻ ഇനിയും എത്രയോ നാളുകൾ എടുക്കും? ഇതിനിടയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. അമിത് ഷാ മണിപ്പൂർ സന്ദർശിച്ച് 15 ദിവസങ്ങൾക്കകം രാഷ്ട്രീയപരിഹാരം കാണാമെന്ന് ഉറപ്പുനല്കി. എന്നാൽ എല്ലാം ജലരേഖയായി മാറുന്ന കാഴ്ചകളാണ് പിന്നീട് നാം കാണുന്നത്. ആദിവാസി മേഖലകളായ ചുരാചന്ദ്പുരും ബിഷ്ണുപുരും ഉൾപ്പടെ ഏതാണ്ട് ഒൻപതു ജില്ലകളെയാണ് അക്രമം ബാധിച്ചത്.

കുക്കി - മെയ്തെയ് വംശീയ സംഘർഷം എന്ന രീതിയിൽ നാം മനസ്സിലാക്കിയിരുന്ന സംഭവങ്ങൾക്ക് മത ബോധ്യങ്ങളുടെ പിൻബലവുമുണ്ടെന്ന് തോന്നിപ്പിക്കുന്ന ചില വാർത്തകളും പുറത്തുവന്നു. മെയ്തെയ് സമൂഹത്തിൽ തന്നെയുള്ള ക്രൈസ്തവരുടെ ഭവനങ്ങളും പള്ളികളും തകർക്കപ്പെട്ടതാണ് ഇത്തരമൊരു സംശയത്തിനാധാരം. തീവ്ര നിലപാടുകൾ എടുക്കുന്ന സായുധ സമൂഹങ്ങൾ രണ്ട് വിഭാഗങ്ങളിലും ഉണ്ട് എന്നതൊരു വസ്തുതയാണ്. സംവരണം, ഭൂമിയുടെ മേലുള്ള അവകാശം, പൗരത്വ രജിസ്റ്റർ സംബന്ധിച്ചുള്ള തർക്കം, ലഹരിച്ചെടികളുടെ കൃഷി, ആയുധക്കടത്ത്, മ്യാന്മാറിൽ നിന്നുള്ള പലായനം എന്നീ വിഷയങ്ങൾക്കുമപ്പുറം മത ബോധ്യങ്ങളുടെ പേരിലുള്ള വിവേചനവും കൂടി കടന്നു വന്നതിലൂടെ മെയ്തെയ് വംശജരായ, തുലോം അംഗുലീപരിമിതരായ ക്രൈസ്തവ സമൂഹം, രണ്ടു സമൂഹങ്ങളിലും പെടാത്തവരായി, ഏറെ കഷ്ടപ്പെടുന്ന കാഴ്ചയും നാം കാണുന്നു.

മണിപ്പൂരിലെ ഗവണ്മെന്റിന്റെ ചില നടപടികൾ പക്ഷപാതപരമായിരുന്നു എന്ന ആരോപണത്തിൽ കഴമ്പുണ്ടെങ്കിൽ അത് ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യങ്ങളെ ഹനിക്കുന്നതാണ് എന്നതിൽ സംശയം വേണ്ട. ജനങ്ങളുടെ ജീവനും സ്വത്തിനും പരിരക്ഷണം നൽകേണ്ട ബാധ്യത തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾക്കല്ലാതെ ആർക്കാണ്? ജനങ്ങൾ തമ്മിലടിച്ചു മരിക്കുമ്പോഴും തങ്ങൾക്കു ലഭ്യമാകാവുന്ന രാഷ്ട്രീയ നേട്ടങ്ങളുടെ കണക്കെടുപ്പുകാരായി സർക്കാരുകൾ മാറുന്ന കാഴ്ച അടുത്തകാലത്തായി ഏറിവരുന്നു. ജനാധിപത്യം നമ്പരുകൾ കൂടുതലുള്ളവരുടെയോ സ്വാധീന ശക്തി കൂടുതലുള്ളവരുടെയോ ആധിപത്യമല്ല, പിന്നെയോ ബലഹീനരെയും അംഗബലം കുറഞ്ഞവരെയും കരുതുന്ന ഒരു സംസ്കാരമാണ്.

മെയ്തെയിയും കുക്കികളുമല്ല പിന്നെയോ മരിച്ചുവീഴുന്നത് മനുഷ്യരാണ്. അവർ ചിന്തുന്ന ചോരയുടെ നിറം ചുവപ്പുതന്നെയാണ്. അതുകൊണ്ടു മണിപ്പൂരിൽ സമാധാനം പുലർന്നേ മതിയാകൂ. സമാധാന പ്രക്രിയകളിലും പുനരധിവാസ പ്രവർത്തനങ്ങളിലും നമ്മുടെ സഭയും നമുക്കാവുന്ന രീതിയിൽ പങ്ക് ചേരുന്നു. ആദ്യപടിയായി സഭ രണ്ടുലക്ഷം രൂപാ എൻ. സി. സി. ഐയിലൂടെ നല്കി. കൂടാതെ ഡൽഹി ഭദ്രാസനം ഒരു ലക്ഷം രൂപയും ഈ ആവശ്യത്തിലേക്കു നൽകിയിട്ടുണ്ട്. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ സേവന വിഭാഗമായ ക്രിസ്ത്യൻ സർവീസ് ഏജൻസി, കാസ, മണിപ്പൂരിലെ ചില സഭകൾ എന്നിവയിലൂടെ തുടർ സഹായങ്ങൾ എത്തിക്കുവാൻ ആഗ്രഹിക്കുന്നു. വീടുകളുടെയും ആരാധനാലയങ്ങളുടെയും പുനരുദ്ധാരണം ഉൾപ്പെടെയുള്ള ദീർഘകാല പ്രവർത്തനങ്ങൾ കൂടി മുമ്പിൽ കണ്ടുവേണം പ്രവർത്തിക്കേണ്ടത്. ഈ പരിശ്രമത്തിൽ നമ്മുടെ എല്ലാ ഇടവകകളുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഇടവകകളായി ഇക്കാര്യത്തിൽ താല്പര്യമെടുത്ത് സഹായം നല്കുവാൻ ആഗ്രഹിക്കുന്ന പക്ഷം സഭാ ആഫീസുമായി ബന്ധപ്പെട്ട് ക്രമീകരണം ചെയ്യാവുന്നതാണ്.

മണിപ്പൂരിൽ കലാപത്തീ കത്തിപ്പടരുമ്പോൾ കേരളത്തിൽ പരീക്ഷ തട്ടിപ്പുകൾ, മാർക്ക് തിരുത്തലുകൾ, കള്ള സർട്ടിഫിക്കറ്റ് വിവാദങ്ങൾ എന്നിവ ആളിപ്പടരുന്നു. സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്നു എന്നഭിമാനിക്കുന്ന ഒരു സംസ്ഥാനത്തിന് കളങ്കം വരുത്തിവെയ്ക്കുന്ന ചില ദൗർഭാഗ്യ സംഭവങ്ങൾ ഇവിടെ അരങ്ങേറുന്നു.

കേരളത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തേണ്ട ബാധ്യത എല്ലാവർക്കുമുള്ളതാണ് എന്ന ബോധ്യം ഉണ്ടാവണം. പൗരത്വ ബോധമുള്ള തലമുറയെ സൃഷ്ടിക്കുന്നതിൽ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ പങ്കു വഹിക്കുന്നതോടൊപ്പം ഉയർന്ന അക്കാദമിക് പ്രവർത്തനങ്ങൾക്ക് പ്രേരകമാകുന്ന പരിസ്ഥിതി രൂപപ്പെടുത്തുവാനുള്ള ബാധ്യതയും അവർക്കുണ്ട്. സമ്പത്തുള്ളവർ വിദേശ പഠനത്തിന് മുൻഗണന നൽകുമ്പോൾ സാധാരണക്കാരിൽ സാധാരണക്കാരായ കുട്ടികൾ പഠിക്കുന്ന നമ്മുടെ സർവ്വകലാശാലകൾ ഉന്നത നിലവാരം പുലർത്തുന്ന മികവിന്റെ കേന്ദ്രങ്ങളാകണം. അതിനുള്ള എല്ലാ വിഭവങ്ങളും നമുക്കുണ്ട്. കക്ഷി രാഷ്ട്രീയത്തിന്റെ നയങ്ങൾ മാത്രം പരിശീലിപ്പിക്കുന്ന ഇടമാക്കി അതിനെ മാറ്റാതെ യഥാർത്ഥ ജനാധിപത്യ വ്യവസ്ഥയുടെ രാഷ്ട്രീയം പരിശീലിക്കുന്ന ഒരിടമായി നമ്മുടെ കലാശാലകളെ രൂപാന്തരപ്പെടുത്തണം.

ജൂലൈ മാസം 9-ാം തീയതി ഞായറാഴ്ച്ച വൈദിക സമൂഹത്തെ ഓർത്തു പ്രാർത്ഥിക്കുവാൻ വേർതിരിച്ചിരിക്കുന്നു. വൈദികർ ആത്മീയ വഴികാട്ടികളും, മാതൃകാ ജീവിതത്തിനുടമകളും, ദൈവം തങ്ങളെ ഭരമേല്പിക്കുന്ന ജനങ്ങളോട് അനുകമ്പയും ഉള്ളവരായിരിക്കണം.

പുതുതായി പട്ടം കെട്ടപ്പെടുന്ന ശെമ്മാശ - വൈദിക സ്ഥാനികളുടെ നിയോഗശുശ്രൂഷ ജൂലൈ മാസം മുതൽ ക്രമീകരിച്ചിരിക്കുന്നു. നമ്മുടെ സഭയിൽ സഹോദരന്മാരുടെ ഗണത്തിൽ നിന്നും ശെമ്മാശന്മാരുടെ ഗണത്തിലേക്കും, ശെമ്മാശന്മാരുടെ ഗണത്തിൽ നിന്നും കശ്ശീശന്മാരുടെ ഗണത്തിലേക്കും തക്കതായ ആളുകളെ എപ്പിസ്ക്കോപ്പൽ സിനഡിന്റെ ആലോചനയോടെ മെത്രാപ്പോലീത്താ പ്രവേശിപ്പിക്കുന്നു. ഏതൊരു നിയോഗസ്ഥാനത്തേക്കും ഒരു വ്യക്തിയെ വിളിച്ചടുപ്പിക്കുന്നത് ദൈവകൃപയാണ്. 'നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു' (യോഹ. 15: 16) എന്ന ക്രിസ്തുമൊഴി ഓർക്കാം. പൂർണ്ണ സമയ സുവിശേഷ പ്രവർത്തകരായി മക്കളെ വേർതിരിച്ചു നൽകിയ മാതാപിതാക്കളും, അവരുടെ ആത്മീക വർദ്ധനയിൽ പങ്കുകാരായ വികാരിമാരും, ഇടവക ജനങ്ങളും, സംഘടനകളും, വൈദിക പാഠശാലകളിൽ അവരെ അഭ്യസിപ്പിച്ച അദ്ധ്യാപകരും പ്രത്യേക പ്രശംസ അർഹിക്കുന്നു. നമ്മുടെ കൊമ്പാടി, ഹോസ്ക്കോട്ട, സിഹോറ എന്നിവിടങ്ങിളിലുള്ള സുവിശേഷക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠനം പൂർത്തീകരിച്ച 10 പേരെ വിവിധ ഭദ്രാസനങ്ങളിലെ പ്രവർത്തകരായി 2023 ജൂലൈ 1 മുതൽ നിയോഗിച്ചിരിക്കുന്നു. നിയോഗസ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്ന എല്ലാവരെയും ദൈവകരങ്ങളിലർപ്പിച്ച് ഏവരും പ്രാർത്ഥിക്കണം. പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. വിവിധ ഭാഷാ പ്രദേശങ്ങളിൽ നിന്നും സുവിശേഷ വേലയിൽ തല്പരരായ യുവജനങ്ങളെ കണ്ടെത്തി പരിശീലനത്തിന് അയയ്ക്കുവാൻ പട്ടക്കാരും ആത്മായ നേതൃത്വവും പ്രത്യേകം ശ്രദ്ധിക്കണം. നിയോഗസ്ഥാനങ്ങളിൽ പ്രവേശിക്കുന്ന എല്ലാവരും 'ഇനി ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്' എന്ന് പറയുവാൻ കഴിയുംവിധം തങ്ങളുടെ പദ്ധതികളെ രൂപപ്പെടുത്തുന്ന ഒരു ജീവിതശൈലിയിലേക്ക് പ്രവേശിക്കുവാൻ ദൈവം അവരെ സഹായിക്കട്ടെ.

ഈ അടുത്ത സമയത്തായി ഏതാനും വൈദികർക്കെതിരെ ചില ശിക്ഷണ നടപടികൾ സ്വീകരിച്ച് കൊണ്ടുള്ള അറിയിപ്പുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൈപിടിച്ചുയർത്തി ശുശ്രൂഷയിലേക്കു നിയോഗിക്കുന്ന അതേ കരങ്ങൾ ശുശ്രൂഷയിൽ നിന്നും വിടർത്തുന്നതിനായി ഒപ്പിടുന്നതിന് ഉപയോഗിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന മാനസികവ്യഥ ഏറെയാണ്. വിളിച്ചവനായ ദൈവത്തോടുള്ള വിധേയത്വവും, സഭയോടുള്ള കൂറും, പ്രവർത്തനത്തിലെ അർജവത്വവും, നൈർമല്യ ജീവിതവും, മാതൃകാ ജീവിത ശൈലിയും കൈമുതലാക്കേണ്ടവരാണ് പട്ടക്കാർ എന്നോർത്തിരിക്കേണം. ചില ആനുകാലിക സംഭവങ്ങൾ ഏറെ വേദനയുളവാക്കുന്നു. പട്ടക്കാരുടെ പ്രവൃത്തികൾ നിമിത്തം ആരും വേദനിക്കുവാനിടയാകരുത്. ദൈവ സഭയ്ക്ക് ദുഷ്പേരു വരുത്തുന്നവർ ദൈവത്തെയാണ് വേദനിപ്പിക്കുന്നതെന്നോർക്കുക.

ഉന്നത ചിന്ത പുലർത്തുന്ന, നല്ല വിദ്യാഭാസമുള്ള വൈദിക സമൂഹമാണ് നമുക്കുള്ളത് എന്നതിൽ നമുക്കഭിമാനിക്കാം. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാട്ടി പൊതുസമൂഹത്തിൽ വൈദികരെ ആകെ ഇകഴ്ത്തിക്കാട്ടുന്ന പ്രവർത്തനങ്ങളിൽ നമ്മുടെ സഭാ ജനങ്ങൾ ഏർപ്പെടരുത് എന്ന് അറിയിക്കുന്നു. യാഥാർത്ഥ്യത്തെ മനസ്സിലാക്കാതെ കൂട്ട്ചേർന്ന് തെറ്റായ അഭിപ്രായങ്ങൾ പരസ്യപ്പെടുത്തുന്നത് ഗുണത്തേക്കാളേറെ ദോഷമാണ് സഭയ്ക്കുണ്ടാക്കുന്നത്. മാത്രമല്ല വൈദിക സമൂഹവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഭരണഘടനയ്ക്കു വിധേയമായി ഉചിതമായ, നീതിപൂർവ്വമായ തീരുമാനങ്ങൾ എടുക്കുവാനുള്ള സംവിധാനം നമുക്കുണ്ടല്ലോ. വിമർശിക്കുവാനും, വിലയിരുത്തുവാനും, വിമർശിക്കപ്പെടുവാനുമുള്ള സ്വാതന്ത്ര്യം ഒരു സമൂഹത്തിന്റെ വളർച്ചയിൽ ഏറ്റവും ആവശ്യമത്രെ. എന്നാൽ കാഴ്ചക്കാരുടെ എണ്ണം കൂട്ടി തങ്ങൾക്കു ലാഭം ഉണ്ടാക്കുന്ന ചില സാമൂഹ്യ മാധ്യമങ്ങൾക്ക് നമ്മെത്തന്നെ എറിഞ്ഞു കൊടുക്കുന്നതിലൂടെ എന്ത് നാം നേടുന്നു എന്ന് ശാന്തമായി ചിന്തിക്കുക. വൈദിക സമൂഹത്തെ ഓർത്തു നമുക്ക് പ്രാർത്ഥിക്കാം.

എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിനായി സഭാ പ്രതിനിധി മണ്ഡലം 2023 ആഗസ്റ്റ് മാസം 30, 31, എന്നീ ദിവസങ്ങളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഓഡിറ്റോറിയത്തിൽ കൂടുന്നതിന് സഭാ കൗൺസിൽ തീരുമാനിച്ച വിവരം മെത്രാപ്പൊലീത്തായുടെ 99-ാം നമ്പർ സർക്കുലർ പ്രകാരം ഏവരേയും അറിയിച്ചിട്ടുണ്ടല്ലോ. പ്രതിനിധി മണ്ഡലയോഗത്തിന്റെ നോട്ടീസ്, കാര്യപരിപാടി, നടപടിക്രമം എന്നിവ സഭാ സെക്രട്ടറി മണ്ഡലാംഗങ്ങളെ അറിയിക്കുന്നതാണ്. സഭയുടെ വളർച്ചയ്ക്കും പുരോഗതിക്കും സഭയിൽ പുതിയ എപ്പിസ്ക്കോപ്പാമാർ ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മനസ്സിലാക്കി മണ്ഡലാംഗങ്ങൾ പ്രവർത്തിക്കുകയും തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കുകയും ചെയ്യണം. നാമനിർദ്ദേശം ചെയ്യപ്പെട്ട റവ. സാജു സി. പാപ്പച്ചൻ മൈലം ക്രിസ്തോസ് ഇടവക വികാരിയായും, റവ. മാത്യു കെ. ചാണ്ടി ആനപ്രമ്പാൽ ഇടവക സഹവികാരിയായും മെയ് 1 മുതൽ ശുശ്രൂഷ ചെയ്ത് വരുന്നു. റവ. ഡോ. ജോസഫ് ഡാനിയേൽ കോട്ടയം വൈദിക സെമിനാരിയിൽ അദ്ധ്യാപകനായി തുടരുന്നു. ഈ മൂന്ന് വൈദികരെയും സഭയായി പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണം. ദുരുപദേശങ്ങൾക്ക് വശംവദരാകാതെ വ്യക്തിതാല്പര്യങ്ങൾക്കും ഗ്രൂപ്പ് സ്വാധീനങ്ങൾക്കും അതീതമായി സഭയുടെ പൊതുനന്മ ലാക്കാക്കി ഏവരും ഉണർന്ന് പ്രവർത്തിക്കണമെന്ന് താല്പര്യപ്പെടുന്നു. മണ്ഡലയോഗത്തിന്റെ അനുഗ്രഹകരമായ നടത്തിപ്പിനും, ദൈവഹിതപ്രകാരം തക്ക ആളുകളെ മേല്പട്ടത്വ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്നതിനും, ആയതിന് ആവശ്യമായ ദൈവീക ദർശനവും കൃപയും മണ്ഡലാംഗങ്ങൾക്ക് ലഭിക്കുന്നതിനും ഏവരും നിരന്തരം മുട്ടിപ്പായി പ്രാർത്ഥിക്കണം.

മാർത്തോമ്മാ പ്രസ്സിന്റെ പുതിയ ബ്ലോക്കിന്റെ കൂദാശയും, ആധുനിക പ്രിന്റിംഗ് & ബയന്റിംഗ് യൂണിറ്റിന്റെ ഉദ്ഘാടനവും ജൂൺ 2 ന് നിർവ്വഹിച്ചു. സഭയ്ക്കാകമാനം അഭിമാനകരമായ നേട്ടമാണിത്. മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റിയെ അഭിനന്ദിക്കുന്നു. നാളുകളായുള്ള കൂട്ടായ ആലോചനകളുടെയും അദ്ധ്വാനത്തിന്റെയും ഫലമാണ് പ്രസ്സിന്റെ പുതിയ ബ്ലോക്കും ആധുനിക സംവിധാനങ്ങളും. സഭയുടെയും പോഷക സംഘടനകളുടെയും എല്ലാവിധ അച്ചടി ജോലികളും സമയബന്ധിതമായി നമ്മുടെ പ്രസ്സിൽ നിർവ്വഹിക്കുവാനുള്ള ശേഷിയിലേക്ക് ഈ സ്ഥാപനം വളർന്നു കഴിഞ്ഞു. എല്ലാവരുടെയും സഹകരണവും പ്രോത്സാഹനവുമാണ് ഇനി ഉണ്ടാകേണ്ടത്. ഗുണമേന്മയിലും ഉത്തരവാദിത്വത്തിലും ഉന്നത നിലവാരം പുലർത്തുവാൻ മാർത്തോമ്മാ പ്രസ്സിന് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ കോഴഞ്ചേരി സെന്റ് തോമസ് കോളേജ് നാക്ക് അക്രഡിറ്റേഷൻ നാലാം സൈക്കിളിൽ എ(+)(+) ഗ്രേഡ് കരസ്ഥമാക്കി. സി. ജി. പി. എ. 3. 67 ലഭിച്ചു. കോളേജ് മാനേജർ, പ്രിൻസിപ്പാൾ, അദ്ധ്യാപക-അനദ്ധ്യാപകർ, ഗവേണിംഗ് കൗൺസിൽ അംഗങ്ങൾ എല്ലാവരെയും അഭിനന്ദിക്കുന്നു. നമ്മുടെ എല്ലാ കോളേജുകളുടെയും നിലവാരം ഉയർത്തുകയും ഉന്നത വിദ്യാഭ്യാസ രംഗത്ത് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യണം. നമ്മുടെ കളമശ്ശേരി സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗവും പ്രസിദ്ധ സാഹിത്യ നിരൂപകനുമായ പ്രൊഫ. എം. തോമസ് മാത്യു 2022 ലെ സമസ്ത കേരള സാഹിത്യ പരിഷത്ത് പുരസ്ക്കാരത്തിന് അർഹനായി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ കൂടിയായ അദ്ദേഹം സാഹിത്യലോകത്തിന് നല്കിയ സംഭാവനകൾ വളരെ വലുതാണ്. സഭയുടെ പേരിലുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ജൂലൈ മാസത്തെ ഞായറാഴ്ച ധ്യാനങ്ങൾ ദൈവജനത്തിന്റെ ദൗത്യബോധത്തെയും സ്വത്വബോധത്തെയും സംബന്ധിച്ചുള്ള ചിന്തകൾ പങ്കുവെയ്ക്കുന്നവയാണ്. ജൂലൈ 2 ദശാംശ സമർപ്പണ ഞായർ ആണ്. 'സുവിശേഷത്തിനായി പങ്കിടുക' എന്നതാണ് ചിന്താവിഷയം. യേശു സുവിശേഷമായി ഭവിച്ചത് തന്നെത്തന്നെ പങ്കിട്ടുകൊണ്ടാണ്. അബ്രഹാം പിതാവായി തീരണം എങ്കിൽ അബ്രഹാമിന്റെ സ്വഭാവം പങ്കുവക്കുന്നവരായി ഭവിക്കണം എന്ന് സ്നാപക യോഹന്നാൻ തന്റെ കേൾവിക്കാരെ പ്രബോധിപ്പിക്കുന്നത് ഏവൻഗേലിയോനിൽ നാം വായിക്കുന്നു. നീതിയുടെ വിതയും വിളവെടുപ്പും വർദ്ധിക്കുന്നതിനു, നല്കപ്പെട്ടിരിക്കുന്ന വിഭവങ്ങൾ ക്രമീകൃതമായി പങ്കിടാൻ നമുക്ക് കഴിയേണ്ടതുണ്ട്.

ജൂലൈ 9 'വൈദിക ഞായർ' ആയി ആചരിക്കുന്നു. വൈദികർ ദൈവരാജ്യ ശുശ്രൂഷകർ എന്നതാണ് ധ്യാനവിഷയം. സഭയിലൂടെ ദൈവരാജ്യ ശുശ്രൂഷകൾക്കു പൂർണസമയം തങ്ങളെ അർപ്പിച്ചുകൊടുത്തവരാണ് വൈദികർ. ദ്രവ്യാഗ്രഹം വിട്ടോടി, നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത, തുടങ്ങിയ ഭാവങ്ങളിൽ വളർന്ന്, നല്ല സാക്ഷ്യമുള്ളവൻ ആകാൻ തീമൊഥെയോസിനോട് പൗലോസ് അപ്പോസ്തലൻ ആവശ്യപ്പെടുന്നത് എല്ലാ കാലത്തേയും ശുശ്രൂഷാ സ്ഥാനികൾ ഏറ്റെടുക്കേണ്ട വെല്ലുവിളി തന്നെയാണ്. ദുഷ്ടതയുടെ വഴികളിൽ നിന്നുള്ള വീണ്ടെടുപ്പിന് സമൂഹത്തെ ഒരുക്കുന്ന ദൗത്യം കാലോചിതമായി നിർവഹിക്കാൻ നമ്മുടെ പട്ടത്വ സമൂഹത്തിനു കഴിയട്ടെ.

ജൂലൈ 16 ഞായറാഴ്ച 'ദൈവജനം യേശുക്രിസ്തുവിന്റെ ശരീരം' എന്ന ധ്യാന വിഷയമാണ് നല്കപ്പെട്ടിരിക്കുന്നത്. ഉയർത്തെഴുന്നേറ്റ കർത്താവിനെയാണ് പീഡകൻ ആയ ശൗൽ ഉപദ്രവിച്ചത് എന്ന് ദമസ്കോസ് പടി വാതിലിൽ വച്ച് അയാൾക്കു ബോധ്യം വന്നുവല്ലോ. ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ജീവിക്കുന്ന ശരീരമാണ് സഭ. ക്രിസ്തു തന്നെത്തന്നെ പങ്കുവച്ചതുപോലെ, സഭ ഈ ലോകത്തിനു വേണ്ടി മുറിക്കപ്പെടുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവിക ന്യായപ്രമാണങ്ങളിൽ ഉറച്ചും അവയെ ജീവോന്മുഖമായി ധ്യാനിച്ചും മാത്രമേ ഉറപ്പും ധൈര്യവും ഉള്ളവരായി നിലനില്ക്കുവാൻ സഭയ്ക്കു കഴിയുകയുള്ളു. സാധാരണ ലോകത്തിന്റെ ധാർമിക വിചാരങ്ങൾക്കപ്പുറം, ക്രിയാത്മക നന്മകൾ പ്രാവർത്തികമാക്കി മാത്രമേ സ്വർഗീയ പിതാവിന്റെ മക്കൾ ആയി സഭയ്ക്ക് നിലനിൽക്കാൻ കഴിയൂ എന്ന് വചനം ഓർമിപ്പിക്കുന്നു. സ്നേഹിക്കുന്നവർക്കു പ്രത്യുപകാരമായി സ്നേഹം നൽകുന്നത് സാധാരണമാണ്. ദൈവമക്കളുടെ സ്നേഹം, ശത്രുക്കളെയും സ്നേഹിക്കുന്നതാണ്.

ജൂലൈ 23 ഞായർ 'മരണത്തിലൂടെ ജീവൻ എന്ന സുവിശേഷം' എന്ന ചിന്താവിഷയം ധ്യാനിക്കുകയാണ്. കഷ്ടത സംബന്ധിച്ച് ഏറ്റവും ക്രിയാത്മക സമീപനമാണ് വേദപുസ്തകം നൽകിത്തരുന്നത്. ഭോഗങ്ങളിൽ ചെലവിടേണ്ടതിനു അമിതമായി മോഹിച്ചുണ്ടാകുന്ന കഷ്ടതകൾ അല്ല, ദൈവഹിതം ജീവിതത്തിൽ നിറവേറപ്പെടുന്നതിനു വന്നുചേരുന്ന കഷ്ടതകളെയാണ് സൂചിപ്പിക്കുന്നത്. അങ്ങനെയുള്ള കഷ്ടതകൾ വിശ്വാസികൾക്കു മഹത്വമാണ്. സമ്പത്തിന്റെ സമൃദ്ധിമൂലമോ ദാരിദ്ര്യത്തിന്റെ വറുതി മൂലമോ ദൈവത്തോടും ദൈവഹിതത്തോടുമുള്ള പ്രതിബദ്ധത നഷ്ടപ്പെട്ടുകൂടാ. അഴുകുന്നതിലൂടെ അഴക് കണ്ടെത്തുന്ന ഗോതമ്പു മണി പോലെയാണ് ക്രിസ്തുവും ക്രിസ്തു ശിഷ്യരും ആയിരിക്കുന്നത്.

ജൂലൈ 30 ഞായറാഴ്ച 'ദൗത്യത്തിനായി ശക്തീകരിക്കുന്ന പരിശുദ്ധാത്മാവ്' എന്ന വിഷയമാണ്. ദൈവിക ദൗത്യത്തിനായി നിയോഗിക്കപ്പെടുന്നവർ സ്വന്തശക്തിയിൽ ആശ്രയിച്ച് അവ നിറവേറ്റുവാൻ കഴിയുകയില്ല. ഉയരത്തിൽ നിന്നുള്ള ശക്തി പ്രാപിക്കുവോളം ശിഷ്യർ കാത്തിരിക്കണം എന്ന് കർത്താവ് പറഞ്ഞത് അതുകൊണ്ടാണ്. ആത്മാവിന്റെ വരങ്ങൾ കൊണ്ട് ശക്തരാകുന്ന പ്രേഷിതർ ലോകത്തെ വിസ്മയിപ്പിക്കുന്ന ദൈവീക പ്രവർത്തനങ്ങൾ നടത്തും. പരിശുദ്ധാത്മ നടത്തിപ്പിനായി നമ്മെത്തന്നെ സമർപ്പിക്കുക എന്നതാണ് ഫലകരമായ ദൗത്യനിർവ്വഹണത്തിന് ആവശ്യമായിരിക്കുന്നത്.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
26.06.2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

---

# സഭാ സെക്രട്ടറിയുടെ അറിയിപ്പ്

റവ. ജേക്കബ് തോമസ് അച്ചന്റെ സസ്പെൻഷൻ സംബന്ധിച്ച് ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം താഴെപ്പറയുന്ന വിശദീകരണം സഭാംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നു.

നമ്മുടെ പട്ടക്കാർ R-1 വിസായിലും കുടുംബാംഗങ്ങൾ R–2 വിസായിലുമാണ് അമേരിക്കയിലേക്ക് ട്രാൻസ്ഫറായി പോകുന്നത്. അപ്രകാരം അമേരിക്കയിലേക്ക് ട്രാൻസ്ഫറായ 4 പേരടങ്ങുന്ന ജേക്കബ് തോമസ് അച്ചനും കുടുംബവും സഭയുടെ ക്രമീകരണപ്രകാരവും വിസാ ഉടമ്പടി പ്രകാരവും 2023 ഏപ്രിൽ 30 നകം ഇന്ത്യയിൽ മടങ്ങി വരേണ്ടതായിരുന്നു. എന്നാൽ അച്ചന്റെ മൂത്ത മകൾ മടങ്ങിയെത്താതെ, വിസാ F–1 സ്റ്റാറ്റസിലേക്ക് മാറ്റുന്നതിന് ക്രമീകരണം ചെയ്തു. ഈ വിഷയം ഭദ്രാസന എപ്പിസ്ക്കോപ്പായെയോ മെത്രാപ്പോലീത്തായെയോ മുൻകൂട്ടി അറിയിച്ചിരുന്നില്ല. വിസാ ചട്ടം ലംഘിച്ച അച്ചനോട് മെത്രാപ്പോലീത്താ വിശദീകരണം ചോദിച്ചപ്പോൾ ലഭിച്ച മറുപടി തൃപ്തികരമല്ലാഞ്ഞതിനാലും, തെറ്റു മനസ്സിലാക്കിക്കൊടുത്ത് തിരുത്താൻ സമയം നല്കിയിട്ടും തിരുത്താതിരുന്നതിനാലും സിനഡിന്റെ ആലോചനയോടെ 2023 ജൂൺ 1 മുതൽ അച്ചനെ സസ്പെൻഡ് ചെയ്തു. ഈ വിഷയത്തിന്മേൽ അച്ചന്റെ വിശദീകരണം കേൾക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. റവ. ജേക്കബ് തോമസ് അച്ചൻ ഇതിനോടകം മെത്രാപ്പോലീത്തായെ നേരിട്ട് കണ്ട് തനിക്ക് ഈ കാര്യത്തിൽ വീഴ്ച ഉണ്ടായി എന്നും മകളുടെ വിസ F – 1 ലേക്ക് മാറ്റുന്നതിന് എത്രയും വേഗം ഇന്ത്യയിൽ വന്ന്, ഇന്ത്യൻ കോൺസുലേറ്റിലൂടെ ആവശ്യമായ നടപടിക്രമങ്ങൾ ചെയ്തുകൊള്ളാമെന്നും സമ്മതിച്ചിട്ടുണ്ട്.

ഈ നടപടികൾ തൃപ്തികരമാകയാൽ സിനഡിന്റെ ആലോചനയോടുകൂടി അച്ചനെ ശുശ്രൂഷാസ്ഥാനത്തേക്ക് വീണ്ടും പ്രവേശിപ്പിക്കുന്നതാണ്.

തിരുവല്ലാ
26. 06. 2023

**റവ. സി. വി. സൈമൺ**
സഭാ സെക്രട്ടറി